**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 9** **07-06-2021 - ൽ മറുപടിയ്ക്ക്**

**എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 659/2017 പ്രകാരം പരീക്ഷ നടത്തി 476/19 ഡി.ഇ.ഒ. പ്രകാരം നിലവിൽ വന്ന എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ നിന്നും സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും നിലവിൽ എത്ര പേർക്ക് നിയമനം നല്കി എന്ന് വ്യക്തമാക്കാമോ; | (എ) | കാറ്റഗറി നം.659/2017 പ്രകാരം പരീക്ഷ നടത്തി 476/19 ഡി.ഒ.ഇ പ്രകാരം നിലവിൽ വന്ന എറണാകുളം ജില്ലയിലെ എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ നിന്നും 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 04.09.2019 പ്രാബല്യത്തിലാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളത്. നിലവിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷവും പരമാവധി മൂന്ന് വർഷമായും നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിലവിൽ പ്രസ്തുത തസ്തികയിൽ ഏതെങ്കിലും ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പ്രസ്തുത തസ്തികയിൽ 2021 വർഷത്തെ ഒരു പ്രതീക്ഷിത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുൻപ് പ്രതീക്ഷിക്കാവുന്ന റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണെന്ന് വിശദമാക്കാമോ; | (ഡി) | പ്രസ്തുത തസ്തികയിൽ 2021 വർഷത്തെ ഒരു പ്രതീക്ഷിത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ? | (ഇ) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ